റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയും, ലോകബാങ്ക് അധികൃതർ ഇത് തത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ ലോകബാങ്ക് ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ലോകബാങ്കിന്റെ വിഹിതം 80%-വും സംസ്ഥാന സർക്കാരിന്റെ വിഹിതം 20%-വും ആണ്. ഈ പദ്ധതിയിൽ പങ്കെടുക്കുന്നതിനായി സംസ്ഥാനം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ലോൺ സ്വീകരിക്കുന്നതിനു മുൻപായി വ്യവസ്ഥകൾ വിശദമായി പരിശോധിക്കുന്നതാണ്.

(ബി) ഉൾപ്പെടുത്തിയിട്ടില്ല.

വർഷ പദ്ധതി

97 (4987) ശ്രീ. പി. സി. ജോർജ്:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം,. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വർഷപദ്ധതി' എന്നാണ് നിലവിൽ വന്നത് ; വിശദാംശങ്ങൾ നൽകുമോ :

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നു ; എത്ര യൂണിറ്റുകൾ ഇതിനോടകം പൂർത്തീകരിച്ചു ; വിശദാംശം നൽകുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം എത്ര യൂണിറ്റുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതിനു പര്യാപ്തമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(ഡി) വർഷപദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുവോ ;

(ഇ) പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുന്ന ജലം ഗുണനിലവാരമുള്ളതാണോയെന്ന് നിരീക്ഷിക്കുന്നതിന് എന്ത് സംവിധാനമാണുള്ളത് വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ പദ്ധതി' 2002 മുതൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം വർഷകാലത്ത് മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിക്കുന്നു. പദ്ധതി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നു. ഈ പദ്ധതി 90% കേന്ദ്ര സഹായവും 10% ഗുണഭോക്തൃവിഹിതവുമാണ്.

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 4457 യൂണിറ്റുകളുടെ പണികൾ ഇതുവരെ പൂർത്തീകിരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	പൂർത്തീകരിച്ച യൂണിറ്റുകൾ
തിരുവനന്തപുരം	1555
ആലപ്പുഴ	1070
കോട്ടയം	958
എറണാകുളം	874
ആകെ	4457

(സി) ഈ വർഷം 25 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിക്കുന്നതാണ്. ഇതിനുള്ള കേന്ദ്രസഹായം ലഭിക്കുന്നതാണ്.

(ഡി) ഗുണഭോക്താക്കളുടെ ആവശ്യമനുസരിച്ച് ലഭിക്കുന്ന പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾ സ്ഥലം ലഭ്യമാക്കുന്നതനുസരിച്ച് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ഇ) വർഷ പദ്ധതിയിലൂടെ ലഭ്യമാകുന്ന ജലത്തിന്റെ ഗുണനിലവാരം പ്രത്യേകമായിട്ട് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഇല്ല. ഗുണഭോക്താക്കൾക്ക് ഗുണനിലവാരം പരിശോധിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പരിശോധനാ ലാബുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മലബാർ ജലസേചന പാക്കേജ് (MIRPA)

98 (4988) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളുടെ സമഗ്ര വികസനത്തിനായുള്ള 'മലബാർ ജലസേചന പാക്കേജി' (MIRPA) നായി ഇതുവരെ എന്തൊക്കെ പണികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ പണികളാണ് ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതൊക്കെ വടക്കൻ ജില്ലകൾക്കാണ് ലഭിക്കുക ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി മൊത്തം അടങ്കൽ തുകയായി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) ഇതിന്റെ ഭാഗമായി 2009-10 കാലയളവിൽ എന്തൊക്കെ പണികൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly